**15 -ാം കേരള നിയമസഭ**

**6 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1432** **30-08-2022 - ൽ മറുപടിയ്ക്ക്**

**ചുമട്ടുതൊഴിൽ മേഖല**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ എ. സി. മൊയ്തീൻ ,<br>ശ്രീ. പി. നന്ദകുമാർ,<br>ശ്രീ. പി.പി. ചിത്തരഞ്ജൻ,<br>ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി | | ശ്രീ വി ശിവൻകുട്ടി<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് ചുമട്ടുതൊഴിൽ മേഖലയിൽ ഉണ്ടായിരുന്ന അനാരോഗ്യകരമായ പ്രവണതകൾ അവസാനിപ്പിക്കാൻ കഴിഞ്ഞിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ; | (എ) | കേരളത്തിലെ ചുമട്ടുതൊഴിൽ മേഖലയിൽ നിലനിൽക്കുന്ന അനാരോഗ്യകരമായ പ്രവണതകൾ അവസാനിപ്പിക്കുന്നതിനും മെച്ചപ്പെട്ട തൊഴിൽ സംസ്കാരം പ്രാവർത്തികമാക്കാനും രമ്യമായ തൊഴിൽ ബന്ധങ്ങൾ സൃഷ്ടിക്കാനുമുള്ള നിർദ്ദേശങ്ങൾ 30/04/2018 ലെ ജി.ഒ(ആർ.ടി) നമ്പർ.511/2018/തൊഴിൽ പ്രകാരം പുറപ്പെട്ടു വിച്ചിട്ടുണ്ട്. ആയതിൻ പ്രകാരം ചെയ്യാത്ത ജോലിയ്ക്ക് കൂലി ആവശ്യപ്പെടുന്നത് നിയമ വിരുദ്ധമാണെന്നും ഇതിന് വിരുദ്ധമായി പ്രവർത്തിക്കുന്നവർക്കെതിരെ നടപടി സ്വീകരിക്കുന്നതാണെന്നും വ്യക്തമാക്കിയിട്ടുണ്ട്. കൂടാതെ അനാരോഗ്യകരമായ പ്രവണത എന്നന്നേയ്ക്കുമായി അവസാനിപ്പിക്കുന്നതു മുൻനിർത്തി വിവിധ ട്രേഡ് യൂണിയനുകളുമായി ഇതിനകം പലതവണ ചർച്ചകൾ നടത്തിയിട്ടുണ്ട്. നോക്കുകൂലിയുമായി ബന്ധപ്പെട്ട് ഇപ്പോൾ ഒറ്റപ്പെട്ട ചില സംഭവങ്ങൾ മാത്രമാണ് ഉണ്ടാകുന്നത്. ആയതിന് സത്വരം പരിഹാരം കണ്ടുവരുന്നുണ്ട്.<br><br>ചുമട്ടുതൊഴിൽ മേഖലയിലെ കയറ്റിറക്ക് കൂലിയുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ പരിഹരിക്കുന്നതിനായി ജില്ലാതലത്തിൽ ഏകീകൃത ചുമട്ടു കൂലി പ്രാബല്യത്തിൽ വരുത്തുകയും ആയത് 14 ജില്ലകളിലും നടപ്പിലാക്കുകയും ചെയ്തിട്ടുണ്ട്. |
| (ബി) | തൊഴിൽ സേവ ആപ്പിന്റെ ഉപയോഗം സംബന്ധിച്ച് അറിയിക്കാമോ; | (ബി) | തൊഴിലാളികൾക്കും പൊതുജനങ്ങൾക്കും തൊഴിൽ നിയമങ്ങളിലും തൊഴിൽവകുപ്പിന്റെ |

| | | | |
|---|---|---|---|
| | | | നടപടിക്രമങ്ങളിലുമുള്ള അജ്ഞതമൂലം ഉണ്ടാകുന്ന തൊഴിൽ തർക്കങ്ങളും സംശയങ്ങളു ബുദ്ധിമുട്ടുകളും ചുമട്ടുതൊഴിൽ രംഗത്ത് ഉണ്ടാകുന്ന നോക്കുകൂലി, ചുമട്ടുതൊഴിൽ തർക്കങ്ങൾ തുടങ്ങിയവ ഒഴിവാക്കുന്നതിനുമായി ലേബർകമ്മീഷണറുടെ മേൽനോട്ടത്തിൽ രൂപീകരിച്ചിട്ടുള്ള മൊബൈൽ ആപ്ലിക്കേഷനാണ് തൊഴിൽസേവ ആപ്പ്. തൊഴിൽ സേവ മൊബൈൽ ആപ്ലിക്കേഷൻ 02.07.2022 തീയതിയിൽ തിരുവനന്തപുരത്ത് വച്ച് ബഹു. തൊഴിലും നൈപുണ്യവും വകുപ്പ് മന്ത്രി ഉദ്ഘാടനം ചെയ്തു. വിവിധ ജില്ലകളിലെ ഹെഡ് ലോഡ് നിരക്കുകളും, വകുപ്പുമായി ബന്ധപ്പെട്ട പതിവു ചോദ്യങ്ങൾ അടങ്ങിയ ചോദ്യാവലിയും അവയുടെ ഉത്തരങ്ങളും ആപ്പിൽ ലഭ്യമാക്കിയിട്ടുണ്ട്. കൂടാതെ ടി ആപ്ലിക്കേഷനിലൂടെ പൊതുജനങ്ങൾക്ക് ചുമട്ടുതൊഴിൽ സംബന്ധമായ പരാതികൾ സമർപ്പിക്കുന്നതിനുള്ള സൗകര്യവും ലഭ്യമാക്കിയിട്ടുണ്ട്. പരാതി ബന്ധപ്പെട്ട ഉദ്യോഗസ്ഥന് എസ്.എം.എസ് അലർട്ട് ആയി ലഭ്യമാവുകയും വളരെ വേഗത്തിൽ പരിഹാരം കാണുന്നതിനും സാധിക്കുന്നു. |
| (സി) | ആധുനിക യന്ത്രങ്ങളുടെ വിപുലമായ ഉപയോഗവും അവ ഉപയോഗിക്കുന്നതിൽ ചുമട്ടുതൊഴിലാളികളുടെ വൈദഗ്ധ്യക്കുറവും ചുമട്ടുതൊഴിലാളികളുടെ തൊഴിൽ അവസരം കുറയ്ക്കുന്നതിനാൽ തൊഴിലാളികൾക്ക് ആവശ്യമായ പരിശീലനം നൽകാൻ ഉദ്ദേശിക്കുന്നുണ്ടോ; വെളിപ്പെടുത്തുമോ; | (സി) | ചുമട്ടു തൊഴിലാളികളുടെ പ്രായം, വിദ്യാഭ്യാസ യോഗ്യത, പ്രവർത്തന നൈപുണ്യം എന്നിവയുടെ അടിസ്ഥാനത്തിൽ ലോജിസ്റ്റിക് പരിശീലന മേഖലയിൽ പരിചയ സമ്പന്നരായ ഏജൻസികൾ മുഖേന നാഷണൽ സ്കിൽ ഡെവലപ്പ്മെന്റ് കോർപ്പറേഷൻ (NSDC) അംഗീകരിച്ച ലോജിസ്റ്റിക് മോഡ്യൂൾ പ്രകാരം പ്രത്യേക വിദഗ്ധ പരിശീലനം നല്കുന്ന ഒരു പദ്ധതിയ്ക്ക് കിലെ രൂപം നല്കി വരുന്നുണ്ട്. എന്നാൽ അന്തിമ തീരുമാനം കൈക്കൊണ്ടിട്ടില്ല. |
| (ഡി) | ചുമട്ടുതൊഴിലാളികളുടെ തൊഴിൽ അവകാശങ്ങൾ സംരക്ഷിക്കുന്നതിനും തൊഴിൽ ചെയ്യുന്നതിനുമുള്ള സാഹചര്യം നിലനിൽക്കുന്നുവെന്ന് ഉറപ്പ് വരുത്തുന്നതിനും ഇടപെടൽ നടത്തുന്നുണ്ടോയെന്ന് വ്യക്തമാക്കാമോ? | (ഡി) | സംസ്ഥാനത്ത് കയറ്റിറക്ക് മേഖലയിലെ തൊഴിലാളികളുടെ സേവന വേതന വ്യവസ്ഥകൾ ഉറപ്പുവരുത്തുന്നതിന് 1978-ലെ കേരള ചുമട്ടുതൊഴിലാളി നിയമം നടപ്പിലാക്കിവരുന്നു. ടി നിയമപ്രകാരം ചുമട്ടുതൊഴിലാളികൾക്ക് രജിസ്ട്രേഷൻ നൽകി വരുന്നു. കയറ്റിറക്ക് മേഖലയിൽ കേരള ചുമട്ടുതൊഴിലാളി ക്ഷേമപദ്ധതിയും നടപ്പിലാക്കിവരുന്നു. ടി നിയമപ്രകാരമുള്ള ക്ഷേമപദ്ധതിയിൽ ഉൾപ്പെട്ട പ്രദേശങ്ങളിലെ (പൂൾ ഏരിയ) ചുമട്ടുതൊഴിൽ വേതനം കേരള ചുമട്ടു തൊഴിലാളി ക്ഷേമബോർഡിന്റെ ശുപാർശപ്രകാരം സർക്കാർ നിശ്ചയിച്ചുവരുന്നു. ടി വേതന നിരക്കുകൾ ചുമട്ടു തൊഴിലാളി ക്ഷേമബോർഡിന്റെ വെബ് സൈറ്റിൽ ആണ് |

| | | | |
|---|---|---|---|
| | | | ലഭ്യമാകുന്നത്. ഇതുകൂടാതെ ചുമട്ടു തൊഴിൽ മേഖലയിലെ ക്ഷേമപദ്ധതി പ്രദേശങ്ങളിൽ ഉൾപ്പെടാത്ത പ്രദേശങ്ങളിലും അറ്റാച്ച്ഡ്,സ്കാറ്റേർഡ് വിഭാഗം തൊഴിലാളി കൾക്കും കയറ്റിറക്ക് കൂലി നിശ്ചയിക്കുന്നത് ബന്ധപ്പെട്ട ജില്ലാ ലേബർ ഓഫീസർമാരാണ്. ഇപ്രകാരം നിശ്ചയിച്ച കൂലിനിരക്ക് ലേബർ കമ്മീഷണറുടെ വെബ് സൈറ്റിൽ ലഭ്യമാണ്.<br><br>കൂടാതെ തൊഴിൽ അവകാശങ്ങൾ സംബന്ധിച്ച പരിശീലനം കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലേബർ ആന്റ് എംപ്ലോയ്മെന്റ് തൊഴിലാളികൾക്ക് നല്കുന്നുമുണ്ട്. |

സെക്ഷൻ ഓഫീസർ